ജയദേവൻ സി എസ്സ്     കൈറ്റ്

1 ആലുവ വിദ്യാഭ്യാസ ജില്ലയിൽ മാർച്ച് അവസാനവും ഏപ്രിലിലും മെയിലും ഐ സി ടി  ഉപകരണങ്ങളുടെ പരിപാലനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ കുറിച്ച് നിർദ്ദേശങ്ങൾ പ്രധാനധ്യാപകരുടെയും എസ്സ് ഐ ടി സി മാരുടെയും ഗ്രൂപ്പുകൾ വഴി നൽകിയിരുന്നു.  ഓൺലൈൻ  ക്ലാസ്സുകൾക്കായി സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് ഉപകരണങ്ങൾ ലഭ്യമാക്കുവാനുള്ള നിർദ്ദേശങ്ങളും നൽകിയിരുന്നു.

* നിലവിൽ സ്കൂളുകലിലെ ഉപകരണങ്ങൾ പ്രധാനാധ്യാപകരുടെ സാന്നിധ്യത്തിൽ എസ്സ് ഐ ടി സി മാർ പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ ആവശ്യപെടാം. ഇതിനായി ഓൺലൈൻ ഫോർമ്മാറ്റ് നൽകാം. സമ്പൂർണ്ണവഴി ഫോം നൽകി വിവരശേഖരണം നടത്തുന്നതായിരിക്കും നല്ലത്.

2 സഹിതത്തിലൂടെ ക്ലാസ്സുകളെക്കുറിച്ചുള്ള ഫീഡ് ബാക്ക് സ്വീകരിക്കാം. അതിനുള്ള സംവിധാനം ക്രമീകരിക്കേണ്ടി വരും. ഇതിനുള്ള ക്രമീകരണവും മോണിറ്ററിംഗും എസ്സ് എസ്സ് കെ വഴി നടത്തണം.

3 ICT പാഠഭാഗങ്ങളുടെ ഷൂട്ടിംഗ് ജില്ലാതലത്തിൽ ഏറ്റെടുത്ത് നടത്താവുന്നതാണ്. ഇതിനായി പ്രദേശിക ചാനലുകളുടെ സ്റ്റുഡിയോ, എഡിറ്റിംഗ് സൗകര്യങ്ങൾ ഉപയോഗിക്കാനാകുമോ എന്ന് പരിശോധിക്കുന്നതോടൊപ്പം കൈറ്റിന്റെ ജില്ലാ കേന്ദ്രങ്ങളിലെ സൗകര്യങ്ങളും ഉപയോഗിക്കാവുന്നതാണ്. ജില്ലയിലെ വിദഗ്ദരായഅധ്യാപകരുടെ പാനൽ തയ്യാറാക്കി വിവിധ കേന്ദ്രങ്ങളിൽ വച്ച് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഇതു ചെയ്യാവുന്നതാണ്.

4 പൊതുവിഷയങ്ങൾക്ക് ജില്ലയിൽ മികവുറ്റ അധ്യാപകർ കൈകാര്യം ചെയ്യുന്ന പ്രത്യേക വിഷയങ്ങൾ മാത്രം ചെയ്യാം. എല്ലാ വിഷയങ്ങളും സാധ്യമാകില്ല.

5 KOOL  പരീക്ഷ പൂർത്തിയാക്കുവാനുള്ള ബാച്ചിന്റെ പരീക്ഷ  ഓൺലൈനായി നടത്തി ആ ബാച്ച് അവസാനിപ്പിക്കണം. ഇനിയുള്ള ബാച്ചുകളുടെ ക്ലാസ്സുകൾ ഓൺലൈനായി ആരംഭിക്കണം. സമയദൈർഘ്യം കുറക്കണം.  കൂടുതൽ ബാച്ചുകൾ നടത്തണം. സാധാരണ നില കൈവരിക്കുന്നതിനുശേഷം ഈ ബാച്ചുകൾക്ക് റിഫ്രഷർ നടത്താം.

6 വിക്ടേഴ്സിന് ആവശ്യമായ ഫില്ലറുകളായി പൊതുവിദ്യാലയങ്ങളുടെ മികവുകൾ, പ്രദേശികമായ ചരിത്ര ഭൗതിക ശേഷിപ്പുകൾ, പ്രാദേശിക കൃഷി വിശേഷങ്ങൾ, ഗവേഷണസ്ഥാപനങ്ങൾ, കലകൾ മുതലായവ ഉപയോഗിക്കാം. പ്രമുഖരായ വ്യക്തികളുടെ ഉപദേശങ്ങളും സംഭാവനകളും ഇപ്പോൾ കാണിക്കുന്നതിനേക്കാൾ മികച്ച രീതിയിൽ അവർ തന്നെ അവതരിപ്പിക്കുന്ന ചെറിയ ബിറ്റുകളായി കാണിക്കാം.. ഇവ ജില്ലാതലത്തിൽ തയ്യാറാക്കാം.

7 സമഗ്ര കണ്ടന്റ് നിർമ്മാണം എം ടി മാരുടെ നേതൃത്വത്തിൽ വിഷയാടിസ്ഥാനത്തിൽ വിവിധ പ്രദേശങ്ങളിൽ ബി ആർ സി കളുടെ സഹകരണത്തോടെ നടത്താം.

8 വിക്ടേഴ്സ് സംപ്രക്ഷണം  കാണവാനുള്ള ക്രമീകരണങ്ങൾ ആലുവയിൽ പൂർത്തിയായികഴിഞ്ഞു.

9 ഏകജാലകം വഴി പ്ലസ്സ് വൺ അപേക്ഷ സമർപ്പിക്കുന്നതിനുള്ള ക്രമീകരണം ലിറ്റിൽ കൈറ്റ് അംഗങ്ങളുടെ സഹായത്തോടെ നടത്തുവാൻ നേരത്തെ നിർദ്ദേശം നൽകിയിരുന്നു. ഭൂരിഭാഗം സ്കൂളുകളും ഇത് ഏറ്റെടുക്കുവാൻ തയ്യാറായിട്ടുണ്ട്.